**13-ാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: ★198 23.01.2014 -ൽ മറുപടിക്ക്**

## ആദിവാസി വിദ്യാർത്ഥികളുടെ പഠനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. പി. ഉബൈദുള്ള | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ പാതിവഴിയിൽ പഠനം ഉപേക്ഷിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (ബി) | ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തിയിട്ടുള്ള കാരണങ്ങൾ താഴെ ചേർക്കുന്നു.<br>1. പൊതു വിദ്യാഭ്യാസ സമ്പ്രദായവും, പട്ടിക വർഗ്ഗ സംസ്ക്കാരവും, ജീവിത സാഹചര്യവും തമ്മിലുള്ള പൊരുത്തക്കേടുകൾ<br>2. ദുർഘടമായ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് എത്തുന്നതിനുള്ള പ്രയാസങ്ങൾ.<br>3. അഭ്യസ്തവിദ്യരായ പട്ടിക വർഗ്ഗക്കാരുടെ തൊഴിലില്ലായ്മ മൂലം കുട്ടികളെ ഉന്നത വിദ്യാഭ്യാസത്തിന് അയയ്ക്കാൻ രക്ഷിതാക്കൾ മടിക്കുന്നു.<br>4. എഞ്ചിനീയറിംഗ് തുടങ്ങിയ |

| | | | |
|---|---|---|---|
| | | | പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥി കൾക്ക് ഇംഗ്ലീഷ്, കണക്ക് തുടങ്ങിയ വിഷയങ്ങളിലുള്ള പ്രാവീണ്യ കുറവു മൂലം പൊതു സമൂഹത്തിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പഠന നിലവാ രത്തിൽ എത്താൻ കഴിയുന്നില്ല. |
| (സി) | ആദിവാസി വിഭാഗങ്ങളിലെ കുട്ടികളുടെ പഠനനിലവാരവും ജീവിത സാഹചര്യ ങ്ങളും വിലയിരുത്തി പരിഹാരനടപടികൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരി ക്കുമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. വിശദ വിവര ങ്ങൾ അനുബന്ധമായി ചേർത്തി രിക്കുന്നു |

സെക്ഷൻ ആഫീസർ

## അനുബന്ധം

## ആദിവാസി വിഭാഗങ്ങളിലെ കുട്ടികളുടെ പഠനനിലവാരവും ജീവിത സാഹചര്യങ്ങളും വിലയിരുത്തി കുറവുകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

1. **ഗോത്രസാരഥി**

യാത്രാ സൗകര്യം കുറവായതിനാൽ ഉണ്ടാകുന്ന കൊഴിഞ്ഞു പോക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ദുർഘട വനമേഖലയിൽ നിന്നും യാത്രാ സൗകര്യം ഇല്ലാത്ത സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ കുട്ടികൾക്ക് സൗജന്യമായി യാത്രാ സൗകര്യം ഏർപ്പെടുത്തുന്ന ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നു.

2. പട്ടികവർഗ്ഗക്കാർക്ക് അവരുടേതായ ആചാരാനുഷ്ഠാനങ്ങളും, പാരമ്പര്യ അറിവുകളും നൈപുണ്യങ്ങളും അടിസ്ഥാനമാക്കിയും പൊതു വിദ്യാഭ്യാസ സമ്പ്രദായവുമായി കോർത്തിണക്കിയും എൽ.കെ.ജി മുതൽ പ്ലസ്ടു വരെയുള്ള ഒരു ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കുന്നതിനായി സർക്കാർ ആലോചിക്കുന്നു

3. എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, മാത്സ്, വ്യക്തിത്വ വികസനം എന്നിവയിൽ പ്രീ ട്രെയിനിംഗ് കൊടുത്ത് മേൽ വിഷയങ്ങളിൽ കുട്ടികളെ കഴിവുള്ളവരാക്കാൻ ഉദ്ദേശിച്ച് ഒരു പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

4. അഭ്യസ്ത വിദ്യരായ പട്ടിക വർഗ്ഗ യുവതീ യുവാക്കൾക്ക് പി.എസ്.സി പരീക്ഷകൾ എഴുതുന്നതിന് പ്രത്യേക പരിശീലന പരിപാടി നടപ്പിലാക്കി വരുന്നു.

5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകിക്കൊണ്ട് കാറ്ററിംഗ് ടെക്നോളജിയിലും നെട്ടൂർ ടെക്നിക്കൽ ഫൗണ്ടേഷനുമായി ചേർന്ന് നടത്തുന്ന വിവിധ സ്കിൽ ഡവലപ്പ്മെന്റ് /ഫിനിഷിംഗ് സ്കൂൾ കോഴ്സുകൾ ആരംഭിച്ചു.

6. സംസ്ഥാനത്ത് പട്ടിക വർഗ്ഗ വിദ്യാർത്ഥി കളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സ്ഥാപിച്ചിട്ടുള്ള 18 എം.ആർ.എസുകൾ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനും , കൊഴിഞ്ഞുപോക്കു തടയുന്നതിനും ഏറെ സഹായിക്കുന്നു. പബ്ലിക് സ്കൂൾ മാതൃകയിലുള്ള മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളായി എം.ആർ.എസുകൾ മാറിയിട്ടുണ്ട്. ഇത്തരത്തിൽ പുതിയ 10 സ്ക്കൂളുകൾ കൂടി തുടങ്ങുന്നതിനായുള്ള പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

7. പട്ടിക വർഗ്ഗ വിദ്യാർത്ഥികളിൽ സ്കൂളിൽ പഠിക്കുന്നവരിൽ 9,10 ക്ലാസുകളിൽ പഠിക്കുന്നവർക്കിടയിലാണ് ഏറ്റവും കൂടുതൽ കൊഴിഞ്ഞുപോക്ക് അനുഭവപ്പെടുന്നത്. ഈ കുറവ് പരിഹരിക്കുന്നതിനായി ഈ ക്ലാസുകളിൽ പ്രവേശനം നേടുന്ന കുട്ടികൾക്ക് 2013-14 വർഷം മുതൽ എല്ലാ പാഠ പുസ്തകങ്ങൾക്കും ബുക്കിനും ആവശ്യമായ തുക സ്കൂൾ സൊസൈറ്റികൾ വഴി നൽകി വരുന്നു.

സെക്ഷൻ ഓഫീസർ